മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015 ജൂലൈ മാസം 13-ാം തീയതി സമർപ്പിച്ച പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള ശിപാർശകളോട് സഭ യോജിക്കുന്നുവെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ശിപാർശ സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

IX അറിയിപ്പ്

താക്കീത്

12.30 PM]

മി. സ്പീക്കർ: 2013 മാർച്ച് മാസം 14-ാം തീയതി ശ്രീ. പി. സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പരേതനായ റ്റി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ ന്യായീകരിക്കാവുന്നതല്ലാത്തതിനാലും പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച് അദ്ദേഹം നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും നിയമസഭാംഗമെന്ന ബഹുമാന്യ പദവിക്ക് കോട്ടംതട്ടുന്നരീതിയിലുള്ള പെരുമാറ്റം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രീ. പി. സി. ജോർജിനെ താക്കീത് ചെയ്യുന്നു.

12.31 PM]

ശ്രീ. പി. സി. ജോർജ്: സർ, നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും അതിലൂടെ ലെജിസ്ലേച്ചറിന്റെ പ്രവർത്തനങ്ങൾ ഭരണഘടനാപരമായ ബാദ്ധ്യതയായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നരീതിയിൽ പ്രവർത്തിക്കണമെന്നും ശക്തമായി ആവശ്യപ്പെടുന്ന ഒരു പൊതുപ്രവർത്തകനാണ് ഞാൻ. ആ നിലയ്ക്ക് 2013 നവംബർ 6-ാം തീയതി കേരളാ കോൺഗ്രസ്സ് (എം.)- ന്റെ രണ്ട് മെമ്പർമാർകൂടി .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് ദീർഘമായി സംസാരിക്കാൻ പറ്റില്ല.

ശ്രീ. പി. സി. ജോർജ്: സർ, ദീർഘമായി സംസാരിക്കില്ല. രണ്ട് മെമ്പർമാർകൂടി എടുത്ത ഈ തീരുമാനത്തേയും അങ്ങയുടെ തീരുമാനത്തേയും വളരെ ആദരവോടുകൂടി സ്വീകരിക്കുന്നു. പക്ഷേ ഒരു കാര്യം പറയാനുണ്ട്. എന്റെ വീട്ടിലിരുന്ന് ഒരു സ്വകാര്യ സംഭാഷണത്തിൽ കുറെ പത്രപ്രവർത്തകർ സ്നേഹം സമ്പാദിച്ച് സംസാരിച്ചപ്പോൾ ഞാൻ പറഞ്ഞകാര്യങ്ങൾ ഒളിക്യാമറയിൽ പകർത്തി അത് പ്രസിദ്ധീകരിച്ച് എന്നെ അപമാനിക്കാൻ ശ്രമിച്ച സാഹചര്യം കേരളത്തിലെ ജനങ്ങൾക്കറിയാം. ആ നിലയ്ക്ക് എന്റെ വീട്ടിലിരുന്ന് സംസാരിച്ചതിന് എന്നെ ശാസിക്കുന്ന പ്രിവിലേജസ് ആന്റ് എത്തിക്സ് കമ്മിറ്റി, ഇന്നലെ ഈ സഭയിൽ ശ്രീ. ആർ. സെൽവരാജുമായി ബന്ധപ്പെട്ടുണ്ടായ സംഭവത്തെക്കുറിച്ച് ഒരു തീരുമാനമെടുത്താൽ എന്താകുമെന്നുകൂടി അങ്ങ് ശ്രദ്ധിക്കണം. ഞാൻ വളരെ ആദരവോടുകൂടി അങ്ങയുടെ തീരുമാനത്തെ സ്വീകരിക്കുന്നു. ഇനിയെങ്കിലും ഒരു മെമ്പർമാരും വീട്ടിലിരുന്ന് സ്വകാര്യംപോലും പറയരുതെന്ന ഈ കമ്മിറ്റിയുടെ തീരുമാനത്തെ ഞാൻ ശിരസ്സാവഹിക്കുന്നു.

X ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

2014-ലെ ദി കേരള ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസിന് നൽകിയ ഭേദഗതികളുടെ പരിഗണന

12.38 PM]

Shri M. Ummer: I move the following amendments:

I. In rule 16(4) for the words "The Government" the words "The Government " shall be substituted.

II. In rule 25 (5) before the word "notice" , the word "advance" shall be inserted.

III. In rule 30(1) the words "The Chairperson or a member nominated by committee to chair the meeting in the absence of the Chairperson, shall convene the meetings of the Committee and maintain the records." shall be deleted.